# സ്നേഹത്തോടെ മലർവാടിക്ക്...



എനിക്ക് മലർവാടി ഏറെ ഇഷ്ടമാണ്. എന്നും മലർവാടി എത്തുന്ന ദിവസത്തിനായി ഞാൻ കാത്തിരിക്കാറുണ്ട്. മുമ്പ് മലർവാടിക്ക് ഞാൻ കത്തയക്കാറുണ്ടായിരുന്നു. പഠനത്തിരക്കുകൾ ആയതിനാൽ അടുത്തൊന്നും കത്തയക്കാൻ പറ്റിയിട്ടില്ല. കുട്ടികൾക്ക് തങ്ങളുടെ കഴിവ് വളർത്താനുള്ള നല്ലൊരു ഇടമാണ് മലർവാടി. മലർവാടിക്ക് എല്ലാവിധ നൻമകളും നേരുന്നു.

**ബാസിൽ സനാൻ. എൻ**
**ക്ലാസ് 8, അൽ ഹറമൈൻ**
**ഇംഗ്ലീഷ് സ്കൂൾ കോഴിക്കോട്**

സ്നേഹം നിറഞ്ഞ മലർവാടി,

മലർവാടിയിൽ വന്ന ഗാന്ധിക്വിസ് എനിക്ക് സ്കൂളിലെ മൽസരങ്ങൾക്ക് ഒരുപാട് ഉപകരിച്ചു. ഇങ്ങനെ ഓരോ സമയത്തിന്റെ പ്രത്യേകത അനുസരിച്ചുള്ള ചോദ്യോത്തരങ്ങൾ പ്രയോജനകരമാണ്. വൈറലിൽ വന്ന മുസ്തഫ എന്ന പ്രകൃതിസ്നേഹിയെ കുറിച്ചുള്ള എഴുത്ത് പ്രകൃതിയെ കൂടുതൽ ശ്രദ്ധിക്കണമെന്ന തോന്നലുണ്ടാക്കി.

**സൽവ. പി**
**ക്ലാസ് 9**
**ജി.എച്ച്.എസ്.എസ്, മങ്കട**



പ്രിയപ്പെട്ട മലർവാടി,

മലർവാടി വായിക്കാൻ തുടങ്ങിയിട്ട് ഏകദേശം ഒരു വർഷത്തോളമായി. ഉപകാരപ്രദമായ ഒരുപാട് അറിവുകളാണ് നീ ഓരോ ലക്കത്തിലും തരുന്നത്. പദപ്രശ്നം എനിക്ക് നല്ല ഇഷ്ടമാണ്. മിക്കപ്പോഴും അതിന്റെ ഉത്തരങ്ങൾ ഞാൻ മലർവാടിക്ക് എഴുതി അയക്കാറുണ്ട്. അതുപോലെ ഫൂട്ട്നോട്ടുകളും പ്രയോജനപ്രദമാണ്.

**ഫാത്തിമ ഫിദ**
**ക്ലാസ് 8**
**സെന്റ് തെരേസാസ്**
**എ.ഐ.എച്ച്.എസ് സ്കൂൾ,**
**കണ്ണൂർ**

പ്രിയ മലർവാടി,

മലർവാടി വീട്ടിലെത്തിയാൽ ഞാൻ ആദ്യം പട്ടാളം പൈലിയാണ് വായിക്കാറ്. മലർവാടിയിലെ ഓരോ കഥാപാത്രങ്ങളെയും ഞാൻ നോക്കി വരക്കാറുണ്ട്. എന്റെ കുഞ്ഞനിയത്തിക്ക് കഥകൾ വായിച്ച് കേൾപ്പിക്കാറുണ്ട്. ചക്കര ഇഞ്ചിങ്ങയാണ് അവൾക്കിഷ്ടപ്പെട്ട കഥ. അതുകേട്ടവൾ ചിരിക്കും. മലർവാടിയിലേക്ക് അയക്കാൻ കത്തുകളും കഥകളും എഴുതിവെക്കാറുണ്ട്.

ഉമ്മ നിർബന്ധിക്കുമ്പോഴാണ് ഞാൻ ആദ്യമൊക്കെ മലർവാടി വായിച്ചിരുന്നത്. ഇപ്പോൾ മലർവാടി വരുന്നത് കാത്തുനിൽക്കും. മലർമൊഴിയും ഫൂട്ട്നോട്ടുമൊക്കെ ഞാനൊരു പുസ്തകത്തിൽ എഴുതിവെക്കാറുണ്ട്.

**നുഹ സൈനബ്. എൻ**
**ക്ലാസ് 3**
**യു.സി.എൻ.എൻ.എം,**
**പോരൂർ**



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **നുഹ സൈനബ്** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**

▸▸ **വാസ്കോഡഗാമ അന്തരിച്ചത് എവിടെ വെച്ച്? – കൊച്ചി**